I/230798/2023

**--ഭരണഭാഷ മാതൃഭാഷ--**

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഇമെയിൽ- **supdth.dge@kerala.gov.in**
**Phone- 0471-2580515**

**പുറത്തെഴുത്ത് കത്ത് നമ്പർ ഡിജിഇ/ 8829/ 2022- എച്ച്5 തിയതി 13-02-2023**

**21.06.2022** ലെ എഫ്3/ 173/ 2022- പൊ വി വ നമ്പർ സർക്കാർ പരിപത്രം അറിവിലേയ്ക്കും തുടർനടപടികൾക്കുമായി ഇതോടൊപ്പം നൽകുന്നു. സ്കൂളുകൾ മിക്സഡ് ആക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

Signed by
Ambika C
Date: 13-02-2023 11:24:06

സി അംബിക (പെൻ- 104062)
പ്രോജക്ട് ഓഫീസർ
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

സ്വീകർത്താവ്-

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും
2. എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും (വെബ് സൈറ്റ് മുഖാന്തിരം)
3. എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരും (വെബ് സൈറ്റ് മുഖാന്തിരം)
4. എല്ലാ ഹൈസ്കൂൾ, പ്രൈമറി പ്രധാനാദ്ധ്യാപകരും (വെബ് സൈറ്റ് മുഖാന്തിരം)

*പകർപ്പ്- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.GEDN-F3/173/2022-G.EDN
പൊതുവിദ്യാഭ്യാസ(എഫ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21.06.2022

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്- സ്കൂളുകൾ മിക്സഡ് ആക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 06.06.2022 -ൽ ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം.

**********************

സംസ്ഥാനത്ത് ആൺകുട്ടികൾക്ക് മാത്രമായും, പെൺകുട്ടികൾക്ക് മാത്രമായും എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ നിരവധി സ്കൂളുകൾ നിലവിലുണ്ട്. ഇവയിൽ പലതും മിക്സഡ് സ്കൂൾ ആക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. ലിംഗസമത്വം ഉറപ്പുവരുത്തുക, സഹവിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുക എന്നിവ സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ആയതിനാൽ ആൺകുട്ടികൾ/പെൺകുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളുകൾ മിക്സഡ് ആക്കുന്നതിനു അനുഭാവപൂർവമായ സമീപനമാണ് സർക്കാരിനുള്ളത്. മേൽ സാഹചര്യത്തിൽ പ്രസ്തുത അപേക്ഷകൾ പരിശോധിച്ചു തീരുമാനം എടുക്കുന്നതിനു താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

1 . സ്കൂളിൽ കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം മതിയായ എണ്ണം ക്ളാസ് റൂമുകൾ ഫർണിച്ചർ സൗകര്യങ്ങൾ, കുടിവെള്ളം തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിരിക്കണം.

2 . മതിയായ സുരക്ഷിതത്വം നൽകുന്ന രീതിയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായ ടോയ്‌ലറ്റ് സൗകര്യം ലഭ്യമായിരിക്കണം.

3 . അധിക വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ കഴിയുംവിധം സ്കൂളിന് മതിയായ കളിസ്ഥലം ഉണ്ടായിരിക്കണം.

4 . സർക്കാർ സ്കൂളുകളെ സംബന്ധിച്ച് PTA യുടെ അപേക്ഷ, ബന്ധപ്പെട്ട തദ്ദേശ

സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം, ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ സ്കൂൾ സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശ എന്നിവ ഉണ്ടായിരിക്കണം. സ്കൂളുകൾ മിക്സഡ് ആക്കുന്നതിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്നു ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

5. മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കു പുറമേ എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ മാനേജരുടെ അപേക്ഷയും ഉണ്ടായിരിക്കണം. കൂടാതെ സ്കൂൾ മിക്സഡ് ആക്കുന്നതിന്റെ ഫലമായി അധിക തസ്തികകൾ ആവശ്യമായി വന്നാൽ, ആയതിൽ അടുത്ത നാല് അധ്യയന വർഷത്തേയ്ക്ക് സംരക്ഷിത അധ്യാപകരെ നിയമിച്ചുകൊള്ളാമെന്നുള്ള ഒരു സത്യവാങ്മൂലം 200 രൂപയുടെ മുദ്രപത്രത്തിൽ മാനേജർ ഒപ്പിട്ട് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫിസർ കൗണ്ടർ സൈൻ ചെയ്ത് സമർപ്പിക്കണം.

6 . മിക്സഡ് ആക്കുന്നത് സംബന്ധിച്ചുള്ള എല്ലാ ശിപാർശയും പൊതുവിദ്യാഭ്യാസഡയറക്ടർ മുഖാന്തിരമാണ് സർക്കാരിൽ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം പ്രസ്തുത സ്കൂളിന്റെ 3 കി.മീറ്റർ ചുറ്റളവിലുള്ള മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ (കുട്ടികളുടെ/അധ്യാപകരുടെ/മറ്റു സ്റ്റാഫുകളുടെ എണ്ണം, സർക്കാർ/എയ്ഡഡ്/അൺ -എയ്ഡഡ് സ്കൂളുകളുടെ വിശദവിവരം, സംരക്ഷിത അധ്യാപകരുടെ വിശദവിവരം) എന്നിവയും ലഭ്യമാക്കേണ്ടതാണ്.

7. സ്കൂളുകൾ മിക്സഡ് ആക്കികഴിഞ്ഞാൽ staff fixation നടത്തുന്നതിന് സ്കൂൾ ഒരൊറ്റ യൂണിറ്റായി കണക്കാക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

**Signed by Deepu B**
**Date: 22-06-2022 12:04:22**

സെക്ഷൻ ഓഫീസർ.

എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും/ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പകർപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്



Generated from eOffice by HARSHALAL R, H5 DGE, H5 DGE, DGE on 13/02/2023 11:34 AM

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി



Generated from eOffice by HARSHALAL R, H5 DGE, H5 DGE, DGE on 13/02/2023 11:34 AM